# ഇൻഡക്സ് 2011 റിപ്പോർട്ട്

## ചീഫ് കോ-ഓർഡിനേറ്റർ ബിനോദ് മാത്യു



**2011** ഇൻഡക്സിന്റെ കോർഡിനേറ്റർ ആയി എനികകു പ്രവർത്തിക്കുവാൻ കഴിഞ്ഞത് ജീവിതത്തിലെ ഒരു അമൂല്യ നേട്ടമായി ഞാൻ കരുതുന്നു. ടീം വർക് എന്തെന്ന് എനിക്കു പഠിക്കുവാൻ സാധിച്ചത് ഈ മേളയുടെ പ്രവർത്തനങ്ങളിലൂടെയാണ്. ഇതിന്റെ അമരക്കാരൻ നമ്മുടെ പ്രസിഡന്റ് ഡോ. റ്റി.സി. ജോസഫിന്റെ സീമ്യമായ നേതൃത്വശൈലി എന്നെ അദ്ഭുതപ്പെടുത്തി. വിജയം കൊയ്യാൻ പ്രവർത്തകരെ എല്ലാം ഒന്നിച്ചു നിർത്തി മുൾമുനയിൽ പ്രവർത്തനം കൊണ്ടുമുമ്പോട്ടു കൊണ്ടു പോകുവാൻ സാധിച്ചു എന്നുള്ളതാണ് ഈ മേളയുടെ വിജയത്തിനുകാരണമായി തീർന്നത്. ചിട്ടയോടെയുള്ള പ്രവർത്തനശൈലിയും നല്ല പ്ളാനിംഗ്, പുതുമയാർന്ന അവതരണം എന്നിവ മഹാവിജയത്തിനു കാരണമായി തീർന്നു.

സെപ്റ്റംബർ 30ന് മുനിസ്സിപ്പൽ ചെയർമാൻ ശ്രീ. സണ്ണി കല്ലൂർ, പ്രസിഡന്റ് ഡോ.റ്റി.സി. ജോസഫിന്റെ അധ്യക്ഷതയിൽ കൂടിയ ഉൽഘാടന സമ്മേളനത്തിൽ ഭദ്രദീപം തെളിയിച്ചു മേള ഉൽഘാടനം നടത്തി. യോഗത്തിൽ മുനിസിപ്പൽഡ കൗൺസിലുർമാരായ അനിൽകുമാർ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ.റ്റി.എ. കുഞ്ഞുമുഹമ്മദ് അസോസിയേഷനഅഞ ഭാരവാഹികൾ എന്നിവർ സംസാരിച്ചു. 1-ാം തീയതി നടന്ന പൊതുസമ്മേളനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉത്ഘാടനം ചെയ്തു. പ്രസിഡന്റ്. ഡോ. റ്റി.സി. ജോസഫ് അദ്ധ്യക്ഷതവഹിച്ചു. റവന്യു മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വിദ്യാഭ്യാസ ധനസഹായം വിതരണം ചെയ്തു. കോട്ടയം എം.പി. ശ്രീ. ജോസ്.കെ. മാണി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രാധാ. വി. നായർ, മുൻ എം.എൽ.എ ശ്രീ. വി.എൻ. വാസവൻ, മുനിസിപ്പൽ ചെയർമാൻ ശ്രീ. സണ്ണി കല്ലൂർ, ജില്ലാ കളക്ടർ ശ്രീമതി മിനി ആന്റണി ഐ.എ.എസ്, ജില്ലാ പഞ്ചായത്ത് അംഗം ഫിൽസൺ മാത്യൂസ്, ജില്ലാ പഞ്ചായത്ത് പ്രതിപക്ഷനേതാവ്,. അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. വി.കെ.സി. മമ്മദ് കോയ, സെക്രട്ടറി ദാമോദരൻ ആവന്നൂർ, സെൻട്രൽ സോൺ വൈസ് പ്രസിഡന്റ് ഡോ. ജോർജ് പി. തോമസ്സ് എന്നിവരും അസോസിയേഷന് ജില്ലാ ഭാരവാഹികളും കമ്മറ്റി അംഗങ്ങളും, ജനറൽ കൗൺസിൽ അംഗങ്ങളും കുടുംബാഗങ്ങളും സന്നിഹിതരായിരുന്നു. തദവസരത്തി ജില്ലയിലെ ഏറ്റവും നല്ല ചെറുകിട വ്യവസായ യൂണിറ്റിനുള്ള ജോസഫ് സെബാസ്റ്റ്യൻ മെമ്മോറിയൽ എവർ റോളിംഗ് ട്രോഫി മുഖ്യമന്ത്രി കൺസോളിഡേറ്റഡ് വുഡ് ഇൻഡസ്ട്രീസ് ഉടമ തോമസ്സ് ജോൺ കുളന്നരയ്ക്ക് സമ്മാനിച്ചു. ജില്ലയിലെ മികച്ച് ബിസിനസ്സ് എക്സലൻസ് അവാർഡ് ഡോ. വിവിഷ് തോമസ്സിനും (ബാബാസ് മെറ്റൽ ക്രഷർ ആൻഡ് എംസാൻഡ് പൂവൻതുരത്ത്) യുവസംരംഭകനുള്ള അവാർഡ് ശ്രീ. ജോസ് തോമസ്സ് ഞാവള്ളിൽ (സിയോൺ മാർക്കറ്റിംഗ് മൺകാട്) നും മുഖ്യമന്ത്രി സമ്മാനിച്ചു. തദവസരത്തിൽ ശ്രീ. ജയിംസ് ഇമ്മാനുവേലിന് (സരോൺ ഓട്ടോ പ്രോഡക്റ്റഡ് അതിരമ്പുഴ) റവന്യു മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നൽകി. യോഗത്തോടനുബന്ധിച്ച് കലാഭവൻ പ്രജോദും സംഘവും അവതരിപ്പിച്ച ക്രേസി കോമഡിഷോ എന്ന മെഗാ ഷോ നടന്നു.

3-ാം തീയതി നടന്ന സെമിനാറിൽ മണർകാട് സെന്റ് മേരീസ് കോളനിയിലെ കോമേഴ്സ് ഡിപ്പാർട്ട് മെന്റിന്റെ സഹകരണത്തോടെ

4-ാം തീയതി എക്സിബിഷന്റെ മുഖ്യസ്പോൺസർ ആയ NSICയുടെ സഹകരണത്തോടെ നടത്തിയ ബയർ സെല്ലർ മീറ്റ് നടന്നു. യോഗത്തിൽ ജില്ലാ പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. NSIC ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. ജെ.വി. ആർ.കെ. ശർമ്മ മീറ്റ് ഉത്ഘാടനം ചെയ്തു. റബ്ബർ ബോർഡ് ഡപ്യൂട്ടി ഡയറക്ടർ (മാർക്കറ്റിംഗ്) ശ്രീ. ബിനോയ് കുര്യൻ, ഓയിൽ പാം ഇൻഡ്യ യുവ സീനിയർ മാനേജർ ശ്രീ മോഹൻ കുര്യൻ ഇൻഡ്യൻ ജൂനിയർ ചെബർ ഇന്റർ നാഷണൽ ട്രെയ്നർ ശ്രീ. ടോം സഖറിയ NSIC ഡപ്യൂട്ടി മാനേജർ ശ്രീ. ജിയോ ജോൺ എന്നിവർ മുഖ്യ പ്രഭാഷണങ്ങൾ നടത്തി. ശ്രീ. സേവ്യർ തോമസ്സ് കൊണ്ടോടി സ്വാഗതവും സെക്രട്ടറി ശ്രീ. കെ. ദിലീപ് കുമാർ കൃതജ്ഞതയും പറഞ്ഞു.

5-ാം തീയതി ലയൺസ് ക്ലബ് ഇന്റർനാഷണൽ 324 ഡിയുടെ സഹകരണത്തോടെ വനിത വ്യവസായ സംരംഭകർക്കായി നടത്തിയ സെമിനാർ.................. ഉത്ഘാടനം ചെയ്തു.

6-ാം തീയതി നടന്ന സമാപനസമ്മേളനം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രാധാവി. നായർ ഉത്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ഡോ. റ്റി.സി. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗം ഫിൽസൺ മാത്യു, അസോസിയേഷൻ ഭാരവാഹികൾ എന്നിവർ യോഗത്തിൽ സംസാരിച്ചു. ഏറ്റവും മികച്ച സ്റ്റാളിനുള്ള അവാർഡ് പാരഗൺ പോളിമർ പ്രോഡ്ക്സ് പ്രൈ. ലിമിറ്റഡ് കരസ്ഥമാക്കി. രണ്ടാം സ്ഥാനം ഷാർപ്പ്റൂൾസ് കോയമ്പത്തൂരും, മൂന്നാംസ്ഥാനം മാക്ക് എൻ.ഹോം സിസ്റ്റംസ് കൊച്ചിയും കരസ്ഥമാക്കി. ഗവ. വിഭാഗത്തിൽ റബ്ബർ ബോർഡ്, കയർ ബോർഡ് കെ.എൽ.ഡി.ബോർഡ്, ഓയിൽ പാം എന്നിവരും ബാങ്കിംഗ് മേഖലയിൽ IDBI, AXISബാങ്കുകളും പരസ്ഥിതി സംരക്ഷണത്തിനുള്ള അവാർഡ് ബിനോദ് ബയോസൻസ് കൊച്ചിയും കരസ്ഥമാക്കി. എക്സിബിഷന്റെ വിജയത്തിനായി പ്രവർത്തിച്ച ഭാരവാഹികൾക്കും, ഓഫീസ് സ്റ്റാഫിനും യോഗതതിൽ മെമേന്റോ വിതരണം ചെയ്തു.

കൂടാതെ എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ ഗാനമേള, മിമിക്സ് പരേഡ്, സിനിമാറ്റിക് ഡാൻസ്, മാജിക്ഷോ, ഫടുഷൻ സംഗീതപരിപാടി എന്നിവയും ഉണ്ടായിരുന്നു. എക്സിബിഷന്റെ ഭംഗിയായ നടതതിപ്പിന് സഹകരിച്ച മാഗി ഡക്കറേഷൻസ് മണർകാട് ലീലാ എന്റർ പ്രൈസിസ് തിരുവനന്തപുരം, സാബു സൗണ്ട്സ് കോട്ടയം, മാക്രോ സെക്ര്യൂരിറ്റി സിസ്റ്റംസ് കൊച്ചി, ഒയാസിസ് ഡക്കറേഷൻസ് കോട്ടയം, എന്നിവരോടുള്ള നന്ദിയും ഈ അവസരത്തിൽ അറിയിക്കുന്നു.

# INDEX 2011 - അവലോകനം

**സേവ്യർ തോമസ് കൊണ്ടോടി**



**സെ**പ്റ്റംബർ 30-ന് ആരംഭിച്ച് ഒക്ടോബർ 6-ന് തിരശീല വീണ ഈ വർഷത്തെ വ്യവസായ വാണിജ്യമേള ഒരു മഹാസംഭവമായി മാറിയിരിക്കുന്നു. കേരളത്തിലെ എല്ലാ പത്രമാധ്യമങ്ങളും, റ്റി.വി. ചാനലുകളും ദിവസവും ഇൻഡക്സിനെ ആധാരമാക്കിയുള്ള വാർത്താശകലങ്ങൾ ഇടവിട്ട വേളകളിൽ പ്രദർശിപ്പിച്ചുകൊണ്ടിരുന്നു. മെറ്റിക്കുലസ് പ്ലാനിങ്, തികഞ്ഞ മാനേജ്മെന്റ് ശൈലി, സാമ്പത്തീക അച്ചടക്കം, പ്രദർശനത്തിലെ വ്യവസായിക വാണിജ്യ പങ്കാളിത്വം, വ്യവസായ സമൂഹത്തിന്റെയും പൊതുജനങ്ങളുടെയും നിർലോഭമായ സഹകരണം എന്നിവകൊണ്ട് ഇൻഡക്സ് കേരളത്തിൽ ഇതുവരെ കണ്ടിട്ടുള്ള ഇത്തരം പ്രദർശനങ്ങളെയെല്ലാം കടത്തിവെട്ടി. ബഹുമുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെയും റവന്യൂ മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണന്റെയും അനുഗ്രാശിസുകൾ ഈ മേളയെ ഒന്നാന്തരമാക്കുവാൻ ചെറുതായിട്ടൊന്നുമല്ല സഹായിച്ചത്. വ്യവസായ വകുപ്പ്, കോട്ടയം മുൻസിപ്പിലാറ്റി, ജില്ലാപഞ്ചായത്ത് എന്നീ സർക്കാർ പ്രദേശിക ബോഡീസ് ഇൻഡക്സിനെ അവരുടേതായ ഒരു പ്രോഗ്രാമായി തന്നെ കണ്ടുഎന്നുള്ളതും എടുത്തു പറയേണ്ടതായ വസ്തുക്കളാണ് പ്രദർശനത്തിന്റെ ഏറ്റവും നിറപ്പകിട്ടാർന്ന സംഭവം ഒക്ടോബർ ഒന്നാം തീയതി മാമ്മൻമാപ്പിള ഹോളിൽ നടത്തപ്പെട്ട അവാർഡുനൈറ്റും, കലാസന്ധ്യയുമായിരുന്നു. 2000-ത്തിൽപ്പരം പൊതുജനങ്ങളാണ് ഈ സമ്മേളനത്തിൽ പങ്കെടുത്തത് കെ.എസ്.എസ്.ഐയുടെ കുടുംബാംഗങ്ങളുടെ ഭാഗഭാഗിത്വം പ്രത്യേകം എടുത്തുപറയട്ടെ.

### ◆ സെമിനാറുകൾ, കലാപരിപാടികൾ

മണകാടു കോളേജിലെ കൊമേഴ്സ് വിദ്യാർത്ഥികൾകകുവേണ്ടി നടത്തപ്പെട്ട വിജയപ്രദമായ സംരംഭകത്വ വികസന സെമിനാർ. ലയണസ് 324 E യുടെ സഹകരണത്തോടുകൂടി നടന്ന വനിതാസംരംഭംകത്ത വികസന സെമിനാർ എന്നിവ തികച്ചും ഫലപ്രദമായിരുന്നു.

മാജിക്ഷോ, ഗാനമേള, സിനിമാറ്റിക്ക് ഡാൻസ്, അവാർഡുനൈറ്റിലെ പ്രശസ്ത സിമിമാതാരം പ്രജോദ് നയിച്ച കലാസന്ധ്യ എന്നിവയിൽ ജനപങ്കാളിത്വം മേളയെ കൊഴുപ്പുളവാക്കി.

### ◆ സ്റ്റാളുകൾ നിറഞ്ഞ പ്രദർശനം

100-ൽ പരം സ്റ്റാളുകൾ നിറഞ്ഞു നിന്ന ഇൻഡക്സ് 2011 ഈ കാര്യത്തിൽ ഒരു റിക്കാർഡു സൃഷ്ടിച്ചു. പൊതുജനങ്ങൾ കൂടുതൽ താൽപര്യമുള്ള പുതിയതരം വാട്ടർ പ്യൂരിഫൈയേഴ്സ്, ഡോർ സെക്യൂരിറ്റി സെൻസറുകൾ, ചെറിയ ബയോഗ്യാസ് പ്ലാന്റെറകൾ, ആധുനിക ഡിസൈനിലുള്ള ഫാനുകൾ വ്യവസായിക ആവശ്യത്തിനുള്ള ജനറേറ്ററുകൾ തുടങ്ങി കുടംബശ്രീ ഉൽപ്പന്നങ്ങൾ, സുന്ദരമായ പാക്കിങ്ങോടുകൂടിയുള്ള ബ്രാൻസഡ് ആയുർവേദ ഉൽപ്പന്നങ്ങൾ, തോങ്ങാ മുതൽ മാങ്ങാവരെ പറിക്കുവാനുതകുന്ന പി.വി.സി. അലുമിനിയം തോട്ടികൾ, മോഡേൺ സൈക്കിളുകൾ, പാരഗൺ ചപ്പലുകളുടെ ഒരു ശേഖരം തുടങ്ങി കോട്ടയത്തിന്റെ തനത് വ്യവസായിക ഉൽപ്പന്നമായ റബ്ബർ മാറ്റുകൾ, ഏറ്റുമാനൂർ വ്യവാസയ എസ്റ്റേറ്റിന്റെ സെപ്ഷ്യാലിറ്റിയായ ഇൻഞ്ചിനീയറിംഗ് ഉൽപ്പന്നങ്ങൾ. എഴുതിയാൽ തീരാത്ത ഉൽപ്പന്നങ്ങളാണ് ഈ മേളയിൽ പൊതുജനങ്ങളെ ആകർഷിച്ചത്. റബ്ബർ ബോർഡിന്റെയും കയർ ബോർഡിന്റെയും നിറഞ്ഞ സ്റ്റാളുകളിൽ പ്രത്യേകമായി ജനത്തിരക്ക് കണ്ടു. എക്സിബിഷനിൽ ഓയിൽ പാം ഇൻഡ്യയുടെയും കേരളാ ലൈവി സ്റ്റോക്ക് ഡെവലപ്പ്മെന്റ് വകുപ്പിന്റെയും സ്റ്റാളുകളിൽ ജനങ്ങൾക്ക് അറിവു പകരുന്ന ഒത്തിരി കാര്യങ്ങൾ പ്രദർശിപ്പിച്ചിരുന്നു.

മീനടം സഹകരണ സൊസൈറ്റിയുടെ ബെഡ്ഷീറ്റ് നെയ്ത്തുമുണ്ടുകൾ, ലുങ്കികൾ എന്നിവയ്ക്ക് വിൽപ്പനയേറിയിരുന്നു.

കെ.എസ്.എസ്.ഐയുടെ അംഗമായ സൂസമ്മ വർഗീസ് നയിച്ച കാറ്ററിങ് സർവീസ് ഇൻഡക്സിനെ സുഭിക്ഷമാക്കി.

ഇൻഡക്സ് 2011 ന്റെ സാമ്പത്തിക ഭദ്രതയ്ക്ക് സഹായിച്ച ആക്സിസ് ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ഐ.ഡി.ബി.ഐ ബാങ്ക് എന്നിവയുടെ സ്റ്റാളുകളിൽ നിന്നും വ്യവസായ സേവന മേഖലയ്ക്കാവശ്യമായ സാമ്പത്തീക സഹായം ലഭിക്കുന്നതിനുവേണ്ട പല നിർദ്ദേശങ്ങളും വ്യവസായ സംരഭകർക്കു ലഭ്യമാക്കുവാൻ സഹായിച്ചു. ഈ പ്രദർശനം ഒരു വൻവിജയമാക്കുവാൻ മലയാള മനോരമ യുടെയും ധനം മാഗസിന്റെയും സഹകരണം നിൽലോഭമായി ലഭിച്ചു.

അസോസിയേഷനിലെ അംഗങ്ങൾ പരസ്യങ്ങൾ തന്നും ഫ്ളേക്സ് ബോർഡുകളിലൂടെയും സ്റ്റേജ് സെറ്റിംഗസിലൂടെയും സാമ്പത്തിക സഹകരണം തന്നും ഇൻഡക്സ് 2011 -നെ വിജയിപ്പിച്ചു.

ടീം വർക്കിന്റെയും കൃത്യമായ പ്ലാനിങ്ങിന്റെയും വിജയം ഇൻഡക്സിന്റെ എടുത്തു പറയത്തക്ക കാര്യങ്ങളാണ്. ജനറൽ കൺവീനർ കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന്റെ കോട്ടയം യൂണിറ്റ് പ്രസിഡന്റുമായ പെരിയ വ്യവസായി ഡോ. റ്റി.സി.ജോസഫ് തന്റെ ലീഡർഷിപ്പ് ക്വാളിറ്റി എത്രമാത്രം ഉന്നത നിലവാരത്തിലുള്ളതാണെന്ന് ഈ വമ്പിച്ച മേളയോടെ ഒരിക്കൽകൂടി തെളിയിച്ചു. ചീഫ് കോർഡിനേറ്റർ ബിനോദ് മാത്യു പബ്ളിക്ക് റിലേഷൻഷിപ്പിൽ ഒരു മാതൃകയാണെന്ന് ഇൻഡക്സിലൂടെ തെളിയിച്ചു. സ്ഥാനമേറ്റടുത്ത അന്നു മുതൽ ഊണിലും ഉറക്കത്തിലും ബിനോദിന്റ മനസിൽ ഇൻഡക്സ് ഒന്നു മാത്രമായിരുന്നു. സെക്രട്ടറി ദിലിപ്കുമാർ സ്വന്തം കമ്പനികളിൽ ഒന്നു രണ്ടെണ്ണം പൂട്ടിയിട്ടിട്ടായിരുന്നു ഈ മേളയുടെ വിജയത്തിനായി പ്രവൃത്തിക്കുനാൻ ഇറങ്ങിതിരിച്ചത് എക്സിബിഷൻ സംഘടിപ്പിക്കുന്നതിന് ടീമായി ഇറങ്ങിയപ്പോൾ മുത്ല ദിലിപിന്റെ സാമ്പത്തീക അച്ചടക്കം എന്നെ അദ്ഭുതപ്പെടുത്തി. ഇൻഡകസ് റിക്കാർഡുകള ഭേദിക്കണമെന്നുള്ള ഒരു വാശി. ട്രഷറർ ജയിസ് ഇമ്മാനുവേൽ എല്ല മേഖലക

ളിലും പ്രത്യേകിച്ച് സെമിനാറുകളുടെ സംഘാടകത്വത്തിലും, പണസഞ്ചി നിറയ്ക്കുന്നതിനും ചോരതിരിക്കുന്നതിനും വഹിച്ച പങ്ക് നിസീമമാണ്. വൈസ്പ്രസിഡന്റ് ഏബ്രഹാം കുര്യാക്കോസ് ഇൻഡക്സിന്റെ എല്ലാ വേദിയിലും നിറഞ്ഞു നിന്നു. കൃത്യനിഷ്ഠയുള്ള അദ്ദേഹതതിന്റെ സാന്നിധ്യം മറ്റു പ്രവർത്തനങ്ങൾക്ക് ഒരു ശക്തിയായിരുന്നു. ജോയിന്റ് സെക്രട്ടറി ബിനോയ് കുര്യൻ, പബ്ളിസിറ്റി കൺവീനർ ജയിംസ് വിലങ്ങൽ പാറ, സെക്യൂരിറ്റിയുടെ ചാർജിൽ പ്രവർത്തിച്ച റ്റി.ഐ. കുര്യൻ തുടങ്ങി ഈ മേളയുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാ അസോസിയേഷനംഗങ്ങളുടെയും പേരെടുത്തു പറയാൻ ഈ വ്യവസായനാദം എഡീഷൻ പോരാതെ വന്നേക്കാം. എല്ലാ ഇൻഡക്സിന്റെയും വിജയം ഓഫീസ് മാനേജർ സജി കുരുവിളയും അസിസ്റ്റൻഡ് രാജന്റെയും ഉറക്കമിളച്ചുള്ള സേവനം ഞാൻ ഈഅവസരത്തിൽ സ്മരിക്കുന്നു.

ഒരുകാര്യം കൂടി, കേരളത്തിലെ ചെറുകിട വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് ഇൻഡക്സ് 2011ന്റെ അദ്ഭുതപൂർവ്വമായ വിജയം കൃത്യമായ പങ്കുവഹിക്കുമെന്നുള്ളത് തീർച്ചയാണ്. ഈ വ്യവസായിക മേഖലയുടെ വളർച്ചയുടെ ആവശ്യം പൊതുജനങ്ങളെയും ലോക്കൽ ബോഡീസിനെയും സർക്കാരിനെയും വേണ്ടവിധം ധരിപ്പിക്കുന്നതിന് ഈ വേദി ഉപകാരപ്പെട്ടു. അസോസിയേഷന്റെ ഭാവി വികസനപ്രവർത്തനങ്ങൾക്ക് സാമ്പത്തീക അടിത്തറയിട്ടു. കൂടുതൽ അംഗങ്ങൾക്ക് അംഗത്വ മൂല്യം നൽകുന്നതിനുള്ള പ്രോഗ്രാംസ് ഈ ടീമിന്റെ നേതൃത്വത്തിൽ അടുത്തു ഒരു വർഷം നടത്തുവാനുള്ള ശ്രമങ്ങൾക്ക് അടിത്തറയിട്ടും കൂടുതൽ ചെറുകിട വ്യവസായികൾ സംഘടനയിലേയ്ക്കേ ചേരുവാൻ മുന്നോട്ടുവന്നു. ബാങ്കുകളുമായി കൂടുതൽ ബന്ധപ്പെടുവാനുള്ള അവസരം ലഭിച്ചു. അംഗങ്ങളുടെ കൂട്ടായ്മ അരക്കിട്ടുറപ്പിച്ചു. നെറ്റ് വർക്കിംഗിലൂടെ റബ്ബർ ബോർഡിന്റെ കൂടുതൽ സഹകരണം ചെറുകിട വ്യവസായ മേഖലയ്ക്ക് റബ്ബറധിഷ്ഠിത വ്യവസായങ്ങളുടെ പുനരുത്ഥാനത്തിന് സഹായമാകും. പൂവൻതുരത്ത് വ്യവസായങ്ങൾക്ക് പട്ടയം നൽകുമെന്നുള്ള വാഗ്ദാനം നിക്ഷിപ്ത താത്പര്യക്കാരുടെ കടുംപിടിത്തം മൂലം വർഷങ്ങളായി പ്രവർത്തനം തുടങ്ങാൻ പ്രയാസപ്പെട്ടിരുന്ന ഒരു വ്യവസായ യൂണിറ്റ് തുടങ്ങാനുള്ള സഹായം ബഹുറവന്യൂമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായി. കോട്ടയം ജില്ലയിൽ ഒന്നു രണ്ടു വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കേണ്ട ആവശ്യകത ബഹു.മുഖ്യമന്ത്രിയെ ബോധ്യപ്പെടുത്തുവാൻ സാധിച്ചു. ചെറുകിട വ്യവസായ മേഖലയിൽ കോട്ടയം ജില്ലയിൽ ഉയർന്നുവന്നുകൊണ്ടിരിക്കുന്ന മൂന്നു വ്യവസായ യൂണീറ്റുകൾക്ക് മുഖ്യമന്ത്രിയുടെ കൈയിൽ നിന്നും അവാർഡുകൾ നൽകാൻ സാധിച്ചത് എക്സിബിഷന്റെ ഒരു വൻവിജയമായി കണക്കാക്കാം.

### ◆ ചുരുക്കം ചില വീഴ്ചകൾ, കുറവുകൾ

കോട്ടയം ജില്ലയുടെ തലസ്ഥാനത്ത് ഒരു കൺവെൻഷൻ കം എക്സിബിഷൻ സെന്ററിന്റെ ആവശ്യകത തെളിഞ്ഞു നിന്നു. ഒരു നല്ല ബയർസെല്ലർ മീറ്റ് പ്ലാൻ ചെയ്തെങ്കിലും ഈ പ്രോഗ്യം ഒരു വൻവിജയത്തിലെത്തിക്കുവാൻ സാധിച്ചില്ല. ഈ പ്രോഗാം വീണ്ടും നടത്തുവാനുള്ള സാമ്പത്തിക സഹകരണവും മറ്റും NSIC വാഗ്ദാനം ചെയ്തിട്ടുണ്ട്. എക്സിബിഷനോടുനുബന്ധിച്ചുള്ള നെറ്റ്വർക്കിങ് അവസരങ്ങൾ കുറേകൂടി മെച്ചപേടേണ്ടതുണ്ടായിരുന്നു.

NSIC & MSME നാഷനൽ സ്മാൾ ഇൻഡസ്ട്രീസ് കോർപ്പേറേഷന്റെയും സെൻട്രൽ ഗവ.സ്ഥാപനമായ എം. എസ്.എം. ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും നിർലോഭമായ സഹകരണം മൂലം ഏതാണ്ട് 40-ൽപ്പരം ചെറുകിട വ്യവസായങ്ങൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ ഇൻഡക്സിൻ പ്രദർശിപ്പിക്കുവാൻ സാധിച്ചു. NSIC യുടെ ആഭിമുഖ്യത്തിൽ ഒരു ബയർസെല്ലർ മീറ്റ് നടത്തുവാനും സാധിച്ചു. ഈ സ്ഥാപനങ്ങളുടെ സഹകരണം പ്രത്യേകമായി എടുത്തുപറയുന്നു. കിൻഫ്രായും, കെ. ബിപ്പും ഇൻഡക്സിൽ സഹകരിച്ചു പ്രവൃത്തിച്ചു.

---

**ഫാക്ടറി ലൈസൻസ് പുതുക്കുന്നതിനുള്ള പിഴ ഈടാക്കുന്നത് (2009) മരവിപ്പിച്ച് ഉത്തരവ് പുറത്തിറങ്ങി**

From

The Secretary to Government.

To

The Director of Factories and Boilers (in n/c)
Thiruvananthapuram.

Sir,

**Sub:- Factory licence renewal fees - 2009 - Exempting the penalty - regarding.**
**Ref:- Government letter No.9693/B2/2009/LBR dated 20.7.2011**

......

In inviting your attention to the reference cited I am directed to request you to keep further proceedings if any taken in pursuance of the directions contained therein, in abeyance until further orders from Government.

Yours faithfully,
Sd/-
**R.SASIKUMAR**
Under Secretary
For Secretary to Government

# Flash News

Scheme for providing **TURNOVER SUBSIDY TO MSME** engaged in the manufacture of Fruit and Vegetable Based Products. A 5% sale turnover subsidy to units engaged in production of Viz, Pickles, Jam, Juice, Squash, Jelly, Plums etc etc. Eligible for Kerala based units for the sales turnover inside the State. This is to help units who are liable to Vat rate of 12.5%.The sales with lesser percentage of VAT/without Vat will not be eligible. The turnover on trading activities will not be eligible.

Implementing : District Industries Centre.
Budget allocation R.50 Lakhs.
Head of account.2851-00-102-53- scheme for Agro based and food processing industries.
Application available from the site.www.keralaindustries.org/sec.htm.

## GRANT UNDER CGTFS

Industries Department of Kerala has financially helping MICRO & SMALL INDUSTRIES WHO ARE AVAILING LOANS UPTO Rs.One Crore under Credit Guarantee Trust Fund Scheme (CGTFS) from member banks of CGTFS and Kerla Financial Corporation.

1.Reimbursements of One Time Guarantee Fee and Annual Service Charge being recovered from MICRO and Small Scale Industries while availing collateral Security free loan under Credit Guarantee Fund Trust.

Administrative Sanction: Rs.Twenty Five Lakhs-Budget provision under the head of account “2851-00-102-84” Industries B Department.

## SELF EMPLOYMENT SCHEME FOR EDUCATIONAL YOUTH

The Director of Industries and Commerce has forwarded a project proposel for Self employment scheme for educational youth at an estimated cost of Rs.150 lakhs. Budget provision under the head of account “ 2851-00-102-84

## COMMODITY MARKETS

Be careful in future markets.

Commodities declined, heading for the biggest quarterly drop since 2008.Global growth is slowing. Production activities in Germany and China Showing downward trend in recent months. American economy is shrinking day by day. A recession is very well in the offing.Eureopian inflation quickened to the fastest in almost three years this month.Eureopian debt crisis will; still be weighing on all the risk assets. Gold may be the only metal still be a safe heavens in this respect. There is a risk of slowdown in commodity demand.

Rubber Prices Soar Arresting 3- Months fall In spite of the fall in demand in the automotive sector. NR prices are still holding higher. International NR Prices are showing downward trend and therefore import may be cheaper. But again unfortunately IR is depreciating by more than 9% against US currency with in just a period of 30 days. Naturally the import prices will be on the higher track.

# BAD LOANS MORE VISIBLE IN BANKS ON ACCOUNT OF AUTOMATED SYSTEMS INTRODUCED

Bank specific introduced automated system will reveal the state of Bad Loans more diligently than previous years. Stress loans under NPA will be marked in the loan folios automatically on the cut off date itself. Finance ministry has already asked all the banks to introduce automatic system so that NPA accounts cannot escape from reckerning at any time. Banks thus will be forced to show either higher slippages (when an account moves from standard category to sub-standard category) or report reversal of interest income due to provisions to be shown in such accounts.

**FOOD PROCESSING INDUSTRIES:**

**Issues and concerns**

The Leading roll of Food processing Industries in our country is well accounted, but the sector has its issues and concerns.

: Development of more food parks.

Existing food parks should be strengthened by better technology and improved infrastructure.

Efficient supply chain management is to be introduced.

Encouraging backward linkages.

Providing adequate fund flow.

Capacity building and skill development to be accelarated.

Technology for advanced cold storage based on latest climatisation techniques.

Development of efficient R x D centres.

Tax relaxation for the food processing sector.

**Suggestions for developing SSIs in Kottayam Dist.**

Industries Dept. has already identified a few suitable land areas in Kanjirappally & Kidangoor which are to be seriously followed up.

There is a huge area ideally developed industrially with a power station in Chingavanam- Travancore Electro Chemicals Ltd. Kerala Govt. should resort of strong measures to take over the land available for MSMEs to be located. This power station cah belp to transmit electricity to nearby areas.

Travancore Cements Ltd. has proved beyond doubt that it cannot function on its own viably. Therefore Industries Dept could utilize atleast 20 to 25 Areas of land to build Small Scale Industries there. Travancore Cerements could its share financially, and it can make its both ends meet.

A 10 (ten) acre area is idled in MSME Industrial Centre adjascemt to Ettumannoor Industrial Estate. Kerala Govt. should use its influence with the Govt. of India to get the allocation of this area for developing an Industrial Estate adjascent to the present Sidco Ettumannoor Industrial Estate.

**Efforts to be initiated for a cold chain Development for Pineapples in Kerala.**

Govt. with the assistance of Agri. University and leading refrigeration equipment groups like Blue Star Ltd. or Voltas Ltd and ofcourse with agri. exports in Pineapple sector to develop a modern cold chain development system in Kerala to assist Pineapple growers to keep these agri and industrial sectors alive.

**Develop Kottayam District in the manufacturing sectors.**

Issues apparent : Kottayam being a highly sophisticated and literate district its people are over enthustastic on environmental issues, pollution creating situations. Hence it seems to be a herculian task to make land available for industrial parks or industrial estates. Development of private industrial plots is a scarce possibility for any type of industries. Rubber based industries, crusher units, and even plastic units are also not sustainable in the eyes of hard core evironmentalists. Such irritated and possessive individuals are not at all bothered on throwing their solid wastes in plastic carry bags to crowd bus stops or other paddy fields beside the roads.

**Regulatory Issues under safety standards authority of India. (FSSA)**

A defined procedural frame work for bringing regulations and standards.

Developing a comprehensive mannual for sampling and protocol of analytical methods.

Reviewing schedule 4 relating to GMP/GHP under FSS regulations to make it practical and implementable

Reviewing the requirement of analyzing all chemical and microbiological contaminants on a month by basis month.

Multiplicity existing within various ministries especially on issues related to amendments leading to labelling changes.

# വിദ്യാഭ്യാസ ധനസഹായ പദ്ധതി വിതരണം





# ഇൻഡക്സ് 2011 പ്രവേശന കവാടം



# ഇൻഡക്സ് 2011 ൽ വിശിഷ്ടാദിഥികൾ എത്തിയപ്പോൾ



# സംസ്ഥാന ഭാരവാഹികൾ ഇൻഡക്സ് 2011 സന്ദർശിച്ചപ്പോൾ






